**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3075** **07-10-2025 - ൽ മറുപടിയ്ക്ക്**

**മാളിയേക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തിരുവമ്പാടി മണ്ഡലത്തിലെ കാരശ്ശേരി പഞ്ചായത്തിൽ നടപ്പിലാക്കുന്ന മാളിയേക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | **നിലവിൽ പ്രവൃത്തിയുടെ സംരക്ഷണ ഭിത്തി നിർമ്മാണവും പമ്പ് ഹൗസ് നിർമ്മാണവും cistern നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. Pipe laying പ്രവൃത്തികൾ ഭാഗീകമായി നടപ്പിലാക്കിയിട്ടുണ്ട്. പമ്പുകളും അനുബന്ധ സാമഗ്രികളും പ്രവൃത്തി സ്ഥലത്ത് എത്തിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ കാലതാമസം വന്നത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ബി) | **പ്രവൃത്തി ആരംഭിച്ചതിന് ശേഷം പമ്പ് ഹൗസിന്റെ നിർമ്മാണവും, ഈ പ്രവൃത്തിയിൽ ഉൾപ്പെട്ട സംരക്ഷണ ഭിത്തി നിർമ്മാണവും പെട്ടെന്ന് പൂർത്തീകരിച്ചു. എന്നാൽ പൈപ്പ് ലൈൻ lay ചെയ്യേണ്ട സ്ഥലങ്ങൾ സംബന്ധിച്ച് അതിർത്തി തർക്കം ഉണ്ടാവുകയും, പ്രദേശവാസികളുടെ എതിർപ്പ് കാരണം പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിടുകയും ചെയ്തു. പലതവണ പ്രശ്നം പരിഹരിക്കാനുള്ള ചർച്ചകൾ നടത്തിയിട്ടും പരിഹാരമാകാതെ പൈപ്പ് ലെയിംഗ് പ്രവൃത്തി നീണ്ടു പോകുകയാണുണ്ടായത്. ഇത് പരിഹരിക്കുന്നതിനായി ഭൂമി സംബന്ധിച്ച് സർവ്വേ നടത്തുവാനും കാലതാമസം നേരിട്ടു. സർവ്വേ നടത്തിയപ്പോൾ പദ്ധതിയിൽ വിഭാവനം ചെയ്ത പോലെ പൈപ്പ് ലൈൻ lay ചെയ്യാൻ സാധിക്കുകയില്ല എന്ന് മനസ്സിലായി. കൂടാതെ പി.ഡബ്ല്യൂ.ഡി.യുടെ മേൽനോട്ടത്തിൽ പാലത്തിന്റെ പ്രവൃത്തി നടക്കുന്നതിനാൽ പ്രവൃത്തി സ്ഥലത്തേക്ക് ട്രാൻസ്ഫോർമർ കൊണ്ടു വരാൻ സാധിക്കാത്തതും പ്രവൃത്തിയ്ക്ക് തടസ്സമായിരുന്നു. ഈ പദ്ധതി പൂർത്തീകരിക്കുന്നതിനായി നിലവിലെ സൈറ്റ് കണ്ടീഷൻ അനുസരിച്ച് പല അനുബന്ധ പ്രവൃത്തികളും ചെയ്യേണ്ടതായി വരുന്നുണ്ട്. ആയതിന് അധിക തുകയും ആവശ്യമാണ്. ഇത്തരം സാഹചര്യങ്ങളാണ് പ്രവൃത്തിയുടെ കാലതാമസത്തിന് കാരണം.** |

| | | | |
|---|---|---|---|
| (സി) | ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളതെന്നു വിശദമാക്കാമോ; | (സി) | **പ്രസ്തുത പദ്ധതിയിൽ പ്രദേശവാസികളുടെ തർക്കത്തെ തുടർന്ന് നിർത്തിവെച്ച പൈപ്പ് ലെയിംഗ് പ്രവൃത്തികളും, സർവ്വേ ചെയ്തതിനു ശേഷം പുറമ്പോക്ക് ഭൂമി അല്ലാത്ത ഭാഗത്ത് പൈപ്പ് lay ചെയ്യുന്നതിനായി സംരക്ഷണ ഭിത്തി നിർമ്മിക്കേണ്ട പ്രവൃത്തികളും, തോടിന് കുറുകെ pipe lay ചെയ്യാനുള്ള നിർമ്മിതിയും പമ്പ് ഹൗസിലേക്ക് വൈദ്യുതി കണക്ഷൻ എടുക്കുന്നതും, പമ്പ് ഹൗസിന്റെ വൈദ്യുതീകരണവും, ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തികളും, പമ്പ് ഫിക്സിംഗ് പ്രവൃത്തികളുമാണ് പൂർത്തീകരിക്കാനുള്ളത്.** |
| (ഡി) | പ്രസ്തുത പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ? | (ഡി) | **പ്രസ്തുത പ്രവൃത്തി കമ്മീഷൻ ചെയ്യണമെങ്കിൽ പല പ്രവൃത്തികളും ഇതോടൊപ്പം അനുബന്ധമായി ചെയ്യേണ്ടതുണ്ട്. ആയതിന് ആവശ്യമായ അധിക തുക കണക്കാക്കി, അംഗീകാരം നൽകുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ് .** |

സെക്ഷൻ ഓഫീസർ